മി. സ്പീക്കർ: ശ്രീ. താമരാക്ഷൻ, അങ്ങേക്ക് ഈ പ്രസംഗം പിന്നീട് തുടരാവുന്നതാണ്.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയം സംബന്ധിച്ച ചർച്ച

(i) 1985-ലെ കേരള സഹകരണസംഘങ്ങൾ (ഭേദഗതി) ബിൽ.— (തുടർച്ച)

ശ്രീ. പി. സി. ജോർജ്: സർ, 1985-ലെ കേരള സഹകരണ സംഘങ്ങൾ ഭേദഗതിബിൽ കഴിഞ്ഞ മൂന്നു സമ്മേളനങ്ങളിലായി ഒരു മാരത്തോൺ ചർച്ചപോലെ പോവുകയാണ്. കഴിഞ്ഞ രണ്ടു സമ്മേളനങ്ങളിലും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ദൈവാനുഗ്രഹംകൊണ്ട് നമ്മുടെ വകുപ്പുമന്ത്രി ശ്രീമതി കമലമെങ്കിലും ഈ സഭയിൽ ഉണ്ടായിരുന്നു. നമ്മുടെ കഷ്ടകാലംകൊണ്ടോ, ബില്ലിനോടുള്ള പ്രത്യേക സ്നേഹംകൊണ്ടോ ആയിരിക്കാം വകുപ്പുമന്ത്രിതന്നെ ഇന്ന് ഈ സഭയിൽ ഇല്ല. അതിനെപ്പറ്റി ബഹുമാനപ്പെട്ട ചെയറിന്റെ അഭിപ്രായമെന്താണ് എന്നറിഞ്ഞാൽ കൊള്ളാം. സർ, എനിക്കൊരു ആഗ്രഹമുണ്ടായിരുന്നത് ഇത്തവണ മന്ത്രി ഉണ്ടായിരുന്നുവെങ്കിൽ, മന്ത്രിയുമായിട്ട് ചർച്ചചെയ്തത് ഒരു അഡ്ജസ്റ്റുമെന്റിൽ ഈ ചർച്ച ഒന്നവസാനിപ്പിച്ച് ഈ ബില്ല് ഒന്നവസാനിപ്പിക്കാമെന്നാണ്. എന്നാൽ ഇപ്പോൾ മന്ത്രിയില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, മന്ത്രി വേണമെന്നില്ല.

ശ്രീ. പി. സി. ജോർജ്: മന്ത്രി വേണമെന്നില്ല എന്നുള്ളത് ശരിതന്നെ. പക്ഷെ, മൂന്നു സമ്മേളനങ്ങളിലായി ഈ ഒരൊറ്റ ബില്ലിന്റെ ചർച്ചയുമായി ഞാൻ നടക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഇതിന് സമയം പോരായെന്ന് അദ്ദേഹം സ്ഥിരമായി പരാതി പറയുന്നതുകൊണ്ട് ഇന്ന് മന്ത്രി മനഃപൂർവ്വം വരാതിരുന്നതാണ്. അദ്ദേഹത്തിന് ഒരു ദിവസംകൂടി ചർച്ചചെയ്തത് കൂടുതൽ സംസാരിക്കാൻ അവസരമുണ്ടാക്കാൻവേണ്ടി മന്ത്രി വരാതിരുന്നതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി വളരെ അത്യാവശ്യമുള്ള ഒരു കീർത്തിനുവേണ്ടി പോകുമെന്നുള്ളതുകൊണ്ട് ഇന്ന് ഉണ്ടാവില്ലെന്നു പറഞ്ഞിരുന്നു.

ശ്രീ. പി. സി. ജോർജ്: ഇന്നലെ നമ്മുടെ സഹകരണവകുപ്പു മന്ത്രി, ഇന്ന് ഈ പ്രശ്നം തീർത്തേക്കാമെന്നാണ് എന്നോട് പറഞ്ഞത്. ഞാൻ അത് വിശ്വസിച്ചാണ് ഇവിടെ വന്നത്.

മി. സ്പീക്കർ: അത് സഭയുടെ പുറത്തുള്ള അഡ്ജസ്റ്റുമെന്റാണ്. അകത്തുള്ള അഡ്ജസ്റ്റുമെന്റല്ല.

ശ്രീ. പി. സി. ജോർജ്: സർ, എന്നോട് പറഞ്ഞ വാക്ക് വിശ്വസിച്ചാണ് ഞാൻ ഈ സഭയിലേക്ക് വന്നത്. ഈ ബില്ലിലുള്ള ഒരു അമൻറുമെൻറ്, വളരെ നിസ്സാരമായ കാര്യമാണ്. ഇന്ന് സഹകരണസംഘങ്ങളിലെ ബോർഡ് മെമ്പർമാരായി ഏലക്ടു ചെയ്യപ്പെട്ടുകഴിഞ്ഞാൽ സ്വാഭാവികമായും സാധാരണക്കാരും, പാവപ്പെട്ടവരുമായ ആളുകളും ജാമ്യം നിൽക്കാൻ ആവശ്യപ്പെടും. ജാമ്യം നിൽക്കും.

LIBRARY ARCHIVES Kerala Legislative Assembly

ജാമ്യം നിന്നുകഴിഞ്ഞാൽ ഈ ആളുകൾ പണമടക്കുന്നതിന് വീഴ്ച വരുത്തിയാൽ, മൂന്നുമാസം കഴിഞ്ഞാൽ ജാമ്യം നിന്ന ബോർഡ് മെമ്പറുടെ, ബോർഡ് മെമ്പർസ്ഥാനം ക്യാൻസലായിപ്പോകും. ആ ഗതികേട് ഉണ്ടാകാതിരിക്കുന്നതിന് ഈ ബോർഡ് മെമ്പർ ജാമ്യംനിന്ന് കുടിശ്ശികയുണ്ടായി എന്നറിഞ്ഞുകഴിഞ്ഞാൽ , സ്വാഭാവികമായും കക്ഷികളെക്കൊണ്ട് പണം അടപ്പിച്ച് ഡ്യൂസ് വരുത്താതെ നോക്കിക്കൊള്ളും. ഇന്ന് ഇത് അറിയാനുള്ള സാഹചര്യമില്ല. അതുകൊണ്ട് ബോർഡ്മെമ്പറുടെ ബോർഡ്മെമ്പർ സ്ഥാനംപോകുന്നതിനുമുമ്പ് നിർബന്ധമായും ബോർഡ്മെമ്പർക്ക് രെജിസ്റ്റർനോട്ടീസ്, നിങ്ങൾ 15ദിവസത്തിനകം പണം അടച്ചില്ലെങ്കിൽ ബോർഡ് മെമ്പർ സ്ഥാനം പോകാനുള്ള സാധ്യതയുണ്ടെന്നുള്ള ഒരു ഇൻറിമേഷൻ കൊടുക്കണം. ഈ നിസ്സാരമായ ഒരു കാര്യമാണ് ഞാൻ ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഇതിന് ഈ മൂന്ന് സമ്മേളനം ചർച്ചചെയ്യണോ?, എത്രയോ ബില്ലുകൾ ചർച്ചചെയ്യാൻ ഈ സഭയിലുണ്ട്. ഈ നിസ്സാരകാര്യത്തിന് മൂന്നു സമ്മേളനങ്ങളിൽ ചർച്ച ചെയ്യേണ്ട കാര്യമുണ്ടോ? അങ്ങ് നിർബന്ധമായും ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് ഒരു അപേക്ഷയുള്ളത്. അങ്ങനെ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കിത്തരണം. മന്ത്രി ഇതിനെപ്പറ്റി അഭിപ്രായം പറഞ്ഞാൽ ഇപ്പോൾതന്നെ ഇത് അവസാനിപ്പിക്കാം.

മി. സ്പീക്കർ: അങ്ങേയ്ക്ക് അടുത്തയാഴ്ച പ്രസംഗം തുടരാം.

മീ. സ്പീക്കർ: 1985-ലെ സർവ്വകലാശാലാനിയമങ്ങൾ ആണ് അടുത്തത്. മെമ്പർ ഹാജരില്ല.

(ii) 1985-ലെ കേരള കർഷകത്തൊഴിലാളി ഭേദഗതിബിൽ (തുടർച്ച)

ശ്രീ. സി. ടി. കൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്തിലെ 20 ലക്ഷത്തോളം വരുന്ന കർഷകത്തൊഴിലാളികളെ ബാധിക്കുന്ന ഒരു നിയമമാണ് കർഷകത്തൊഴിലാളി നിയമം. പക്ഷേ ആ നിയമം പാസ്സാക്കിയിട്ട് പതിനൊന്ന്, പന്ത്രണ്ട് കൊല്ലംകഴിഞ്ഞുവെങ്കിലും രണ്ടായിരം കർഷകത്തൊഴിലാളികൾക്കുപോലും ബാധകമാകത്തക്കവിധത്തിൽ ആ നിയമം നടപ്പിലാക്കുന്നില്ല. അതിന് സന്ദർഭോചിതമായ, കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണ്. അത് പല പ്രാവശ്യം ഇവിടെ ആവശ്യപ്പെട്ടിട്ടും ആ നിയമത്തിൽ ഭേദഗതികൊണ്ടുവരാനോ ഉള്ള നിയമംതന്നെ നടപ്പിലാക്കാനോ സർക്കാർ പരിശ്രമിച്ചിട്ടില്ല. പല സംഘടനകളും ഈ നിയമത്തിലുള്ള അപാകതകളെസംബന്ധിച്ച്, തൊഴിലാളിദ്രോഹനടപടികളെസംബന്ധിച്ച് പല പ്രാവശ്യംസർക്കാരിന്റെ ശ്രദ്ധയിലും, മന്ത്രിയുടെ ശ്രദ്ധയിലുമൊക്കെപ്പെടുത്തിയിട്ടുണ്ട്. അതിന് ഇവിടെ നിരവധി സമരങ്ങളും പ്രക്ഷോഭണങ്ങളുമൊക്കെ നടത്തിയിട്ടുള്ളതാണ്. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതികൊണ്ടുവന്നിട്ടുള്ളത്. ഇപ്പോഴും പ്രധാനമായും കർഷകത്തൊഴിലാളികൾ, പ്രത്യേകിച്ചും പാലക്കാട് മേഖലയിൽ സ്ഥിരം കർഷകത്തൊഴിലാളികളുണ്ട്. അവർ സ്ഥിരമാണെന്ന് തെളിയിക്കുന്നതിന് യാതൊരു വ്യവസ്ഥയുമില്ല. ഈ നിയമത്തിലാണെങ്കിൽ രജിസ്ട്രേഷനെ സംബന്ധിച്ചു പറയുന്നുണ്ട്. രജിസ്ട്രേഷന്റെ കാര്യം പാലിക്കുന്നില്ല. 1975-ലാണ് ആദ്യമായി പഞ്ചായത്തുകളിൽ കർഷകത്തൊഴിലാളികളുടെ രജിസ്റ്റർ സൂക്ഷിച്ചുതുടങ്ങിയത്. 75-നുശേഷം ഇന്നുവരെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. അവിടെ രജിസ്റ്റർ ചെയ്തിരുന്ന

LIBRARY ARCHIVES Kerala Legislative Assembly